ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:31.01.2025**

## പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് തുടക്കമായി; സാധാരണക്കാരുടെയും യുവജനങ്ങളുടെയും സ്ത്രീകളുടെയും ഉന്നമനത്തിന് കേന്ദ്ര സർക്കാർ നിരന്തരം പ്രയത്നിക്കുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
2. വികസിത ഭാരതം എന്ന ലക്ഷ്യം നിറവേറ്റുന്നതിന് 2025-26 ലെ കേന്ദ്ര ബജറ്റ് ഊർജ്ജം പകരുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
3. 2024-25 ലെ സാമ്പത്തിക സർവേ റിപ്പോർട്ട് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് പാർലമെന്റിൽ വയ്ക്കും. വരുന്ന സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് നാളെ അവതരിപ്പിക്കും.
4. കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ സംയോജിത കൃഷി രീതി ശക്തിപ്പെടുത്തേണ്ടത് അനിവാര്യമെന്ന് മന്ത്രി പി പ്രസാദ്.
5. ഇന്ത്യ- ഇംഗ്ലണ്ട് അന്താരാഷ്ട്ര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന്. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി - ഈസ്റ്റ് ബംഗാൾ പോരാട്ടം.

==========================================

RNU TVPM

പാർലമെന്റ് (ഇൻട്രോ)

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് തുടക്കമായി. രാഷ്ട്രപതി ദ്രൗപതി മുർമു ഇരു സഭകളുടേയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യതോടെയാണ് ബജറ്റ് സമ്മേളനത്തിന് തുടക്കമായത്. രാജ്യം വികസനത്തിന്റെ പാതയിലാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പാർലമെന്റിൽ പറഞ്ഞു. സ്വന്തമായി ഒരു വീട് എന്ന ഇടത്തരക്കാരുടെ സ്വപ്നം സാക്ഷാത്കരിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും രാഷ്ട്രപതി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

ബഹിരാകാശ രംഗത്തും ഡിജിറ്റൽ ഇടപാടുകളിലും രാജ്യം വൻ പുരോഗതി കൈവരിച്ചതായും ശ്രീമതി മുർമു പറഞ്ഞു. യുവജനങ്ങളുടെ വിദ്യാഭ്യാസത്തിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. സ്ത്രീകളുടെ നേതൃത്വത്തിൽ രാജ്യത്തെ ശാക്തീകരിക്കുന്നതിലും കേന്ദ്ര സർക്കാർ വിശ്വസിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു. മഹാ കുംഭമേള നടക്കവേ പ്രയാഗ് രാജിൽ ഉണ്ടായ അപകടത്തിൽ ആളുകൾക്ക് ജീവൻ നഷ്ടമായതിൽ അനുശോചനം രേഖപ്പെടുത്തിയ രാഷ്ട്രപതി പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുന്നതായും പറഞ്ഞു. "അന്തരിച്ച മുൻ പ്രധാനമന്ത്രി മൻ മോഹൻ സിംഗിനും രാഷ്ട്രപതി ആദരാഞ്ജലി അർപ്പിച്ചു.

RNU TVPM

*************************

പ്രധാനമന്ത്രി( ഇൻട്രോ)

മൂന്നാം തവണ അധികാരത്തിലെത്തിയ ശേഷമുള്ള കേന്ദ്ര സർക്കാറിന്റെ ആദ്യ സമ്പൂർണ്ണ ബജറ്റാണ് നാളത്തേതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പാർലമെന്റിന്റെ ബജറ്റ്

സമ്മേളനം ആരംഭിക്കുന്നതിന് മുമ്പ് മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. 2047 ൽ രാജ്യം സ്വാതന്ത്ര്യത്തിന്റെ 100 വർഷം പൂർത്തിയാക്കുമ്പോൾ, വികസിത ഭാരതം എന്ന ലക്ഷ്യം നിറവേറ്റുന്നതിന് ഈ ബജറ്റ് ഊർജ്ജവും പ്രചോദനവും പകരുമെന്നും ശ്രീ മോദി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

(ഹോൾഡ് വോയിസ്)

ഇന്ത്യയുടെ സമഗ്ര വികസനം എന്ന ദൗത്യവുമായി ഈ സർക്കാർ മുന്നോട്ടു പോകുമെന്ന് പറഞ്ഞ പ്രധാനമന്ത്രി രാജ്യത്തെ ഒരു വികസിത രാഷ്ട്രമാക്കുന്നതിന് സംഭാവന നൽകണമെന്ന് എല്ലാ പാർലമെന്റ് അംഗങ്ങളോടും അഭ്യർത്ഥിച്ചു.

*************************

**കേന്ദ്ര ബജറ്റ്**

2024-25 കാലയളവിലെ സാമ്പത്തിക സർവേ റിപ്പോർട്ട് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് പാർലമെന്റിന്റെ മേശപ്പുറത്ത് വയ്ക്കും. 2025-26 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നാളെ അവതരിപ്പിക്കും. നിർമ്മല സീതാരാമന്റെ എട്ടാം ബജറ്റ് അവതരണത്തിനാണ് പാർലമെന്റ് നാളെ വേദിയാകുന്നത്. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയം പാർലമെന്റ് തിങ്കളാഴ്ച ചർച്ച ചെയ്യും.

RNUTVPM

*************************

**പി പ്രസാദ്-കാർഷിക ഭദ്രത**

കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ സംയോജിത കൃഷി രീതി ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് മന്ത്രി പി പ്രസാദ് പറഞ്ഞു. എറണാകുളം ജില്ലാ പഞ്ചായത്ത് സംഘടിപ്പിച്ച ഒക്കൽ ഫാം ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പശു, ആട്, താറാവ്,

കോഴി, തേനീച്ച, കൂൺ, മണ്ണിര വളർത്തൽ തുടങ്ങിയവ ഉൾക്കൊള്ളുന്ന സംയോജിത കൃഷി രീതിയാണ് ഒക്കൽ ഫാമിൽ പിന്തുടരുന്നത്.
*************************

## ബാലരാമപുരം-മരണം

തിരുവനന്തപുരത്ത് ബാലരാമപുരത്ത് രണ്ട് വയസുള്ള കുട്ടിയെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ അറസ്റ്റിലായ അമ്മാവൻ ഹരികുമാറിനെ ഇന്ന് കോടതിയിൽ ഹാജരാക്കും. കുട്ടിയുടെ സഹോദരിയുടെയും മുത്തശ്ശിയുടെയും മൊഴി പൊലീസ് ഇന്ന് രേഖപ്പെടുത്തും. ഹരികുമാർ കുറ്റം സമ്മതിച്ചെങ്കിലും കാരണം വ്യക്തമാക്കിയിട്ടില്ലെന്ന് പൊലീസ് അറിയിച്ചു. കുട്ടിയുടെ അമ്മ ശ്രീതുവിനെ ചോദ്യം ചെയ്യലിന് ശേഷം പൂജപ്പുര വനിതാ മന്ദിരത്തിലേക്ക് മാറ്റിയിട്ടുണ്ട്.
*************************

RIU TVPM

## റിസർച്ച് സപ്പോർട്ട് - ആർ ബിന്ദു

ഗവേഷണ പ്രവർത്തനങ്ങൾക്കു വേണ്ട സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്ന കേരള നെറ്റ് വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷന്റെ മേഖലാ കേന്ദ്രം അടുത്ത മാസം വഴുതക്കാട് ഗവൺമെന്റ് വിമൻസ് കോളേജിൽ ആരംഭിക്കും. ഇതിനായുള്ള ധാരണാ പത്രം മന്ത്രി ആർ.ബിന്ദുവിന്റെ സാന്നിധ്യത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ:രാജൻ വർഗീസും, വിമൻസ് കോളേജ് പ്രിൻസിപ്പൽ അനില.ജെ.എസും കൈമാറി. കേരള സർവ്വകലാശാലാ പരിധിയിലെയും, സംസ്ഥാനത്തെ മുഴുവൻ ഗവേഷകർക്കും ഉപയോഗ പ്രദമാക്കുന്ന രീതിയിൽ കേന്ദ്രം സജ്ജീകരിക്കും.
*************************

## ജി ആർ അനിൽ - റേഷൻ

കേരളത്തിൽ ജനുവരി മാസത്തെ റേഷൻ വിതരണം അടുത്ത മാസം 4 വരെ നീട്ടിയതായും ഫെബ്രുവരി മാസത്തെ റേഷൻ വിതരണം 6 ന് ആരംഭിക്കുമെന്നും മന്ത്രി ജി. ആർ അനിൽ. ഫെബ്രുവരി 5-ാം തീയതി മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് അവധി ആയിരിക്കും.
*************************

## പക്ഷി സർവ്വേ (ഇൻട്രോ)

കുമളി പെരിയാർ കടുവ സങ്കേതത്തിൽ, പക്ഷി സർവ്വേയ്ക്ക് തുടക്കമായി. പെരിയാറിലെ, പക്ഷികളെ നിരീക്ഷിക്കുകയും അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥ പഠിക്കുകയുമാണ് സർവേയുടെ ലക്ഷ്യം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

**(വോയിസ്)**

*************************

## വരയാട്

വരയാടുകളുടെ പ്രജനനകാലം കണക്കിലെടുത്ത് ഫെബ്രുവരി ഒന്നു മുതൽ മാർച്ച് 31 വരെ രണ്ടു മാസക്കാലം ഇടുക്കി ഇരവികുളം ദേശീയോദ്യാനം അടച്ചിടും. നായ്ക്കൊല്ലിമല ഭാഗത്ത് വരയാടിന്റെ കുഞ്ഞുങ്ങളെ കണ്ടെത്തിയതായി മൂന്നാർ വനം വകുപ്പ് റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് നടപടി. മനുഷ്യ സാന്നിധ്യം വരയാടുകളുടെ ജീവിതക്രമത്തെ ബാധിക്കും എന്നതിനാലാണ് ദേശീയോദ്യാനം അടച്ചിടുന്നത്.
*************************

RNU TVPM

## ഡോ കെ എം ചെറിയാൻ

അന്തരിച്ച ഹൃദ്രോഗ വിദഗ്ധൻ ഡോ കെ എം ചെറിയാന്റെ സംസ്കാരം നാളെ ചെന്നൈയിൽ നടക്കും. മുഗപ്പെയറിലെ ഫ്രോണ്ടിയർ ലൈഫ് ലൈൻ ആശുപത്രിയിൽ ഇന്ന് വൈകുന്നേരം 5 മണി വരെ പൊതുദർശനമുണ്ടായിരിക്കും. ഈ മാസം 25 ന് ബംഗളൂരുവിൽ വച്ചായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

*************************

## ടി-20 ക്രിക്കറ്റ്

ഇന്ത്യ- ഇംഗ്ലണ്ട് അന്താരാഷ്ട്ര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന്. പൂനെയിലെ മഹാരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ വൈകുന്നേരം 7:00 മണിക്കാണ് മത്സരം. സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം അഞ്ച് മത്സര പരമ്പരയിൽ 2-1 ന് മുന്നിലാണ്.

*************************

RNU TVPM

## ഐഎസ്എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി - ഈസ്റ്റ് ബംഗാളിനെ നേരിടും. രാത്രി 07.30 ന് മുംബൈയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഒന്നിനെതിരെ മൂന്ന് ഗോളിന് ചെന്നൈയിൻ എഫ്.സിയെ പരാജയപ്പെടുത്തി.

*************************

## വനിതാ ക്രിക്കറ്റ് അണ്ടർ-19

ഐസിസി അണ്ടർ 19 വനിതാ ട്വന്റി -20 ക്രിക്കറ്റ് ലോകകപ്പ് സെമി ഫൈനലിൽ ഇന്ത്യാ-ഇംഗ്ലണ്ട് മത്സരം പുരോഗമിക്കുന്നു.

ടോസ് നേടിയ ഇംഗ്ലണ്ട് ബാറ്റിങ് തെരഞ്ഞെടുത്തു. ക്വലാലംപൂരിലാണ് മത്സരം. രാവിലെ നടന്ന ആദ്യ സെമിയിൽ ഓസ്ട്രേലിയയെ പരാജയപ്പെടുത്തി ദക്ഷിണാഫ്രിക്ക ഫൈനലിൽ കടന്നു. ഞായറാഴ്ചയാണ് ഫൈനൽ.
*************************

## ദേശീയ ഗെയിംസ്

38-ാമത് ദേശീയ ഗെയിംസിൽ ഏഴ് സ്വർണവുമായി കർണാടക മുന്നേറ്റം തുടരുന്നു. ആറ് സ്വർണവുമായി മണിപ്പൂർ രണ്ടാം സ്ഥാനത്തും നാല് സ്വർണവുമായി മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. കേരളത്തിന് ഇന്നലെ രണ്ട് സ്വർണം ലഭിച്ചു. ഇന്ന് ബാസ്കറ്റ് ബാൾ, ബാഡ്മിന്റൺ, ഖോഖോ, ഭാരോദ്വഹനം, നീന്തൽ എന്നിവയിൽ മത്സരങ്ങൾ പുരോഗമിക്കുകയാണ്. പോയിന്റ് പട്ടികയിൽ 8-ാം സ്ഥാനത്താണ് കേരളം.
*************************

RNU TVPM

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് ഒന്നാം ഇന്നിങ്സിൽ കേരളത്തിനെതിരെ ബീഹാറിന്റെ ബാറ്റിങ് പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ബീഹാർ 6 വിക്കറ്റ് നഷ്ടത്തിൽ 50 റൺസ് എന്ന നിലയിലാണ്. 9 വിക്കറ്റ് നഷ്ടത്തിൽ 302 റൺസ് എന്ന നിലയിൽ രണ്ടാം ദിനം ബാറ്റിങ് പുനരാരംഭിച്ച കേരളം 351 റൺസിന് പുറത്തായി. തിരുവനന്തപുരം ഗ്രീൻ ഫിൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.
*************************

## അംഗൻവാടി -കോഴിക്കോട്

കോഴിക്കോട് ബേപ്പൂരിൽ അങ്കണവാടിയിൽ നിന്ന് ഭക്ഷ്യ വിഷബാധയേറ്റ് ചികിൽസയിലായിരുന്ന കുട്ടികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ട് ആശുപത്രി വിട്ടതായി

കോർപറേഷൻ അധികൃതർ പറഞ്ഞു. ഇന്നലെ ഉച്ച ഭക്ഷണത്തിനു ശേഷമാണ് 7 കുട്ടികൾക്ക് ഛർദ്ദിയും വയറിളക്കവും അനുഭവപ്പെട്ടത്. തുടർന്ന് ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു.
*************************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 551 പോയിന്റ് ഉയർന്ന് 77,261 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 192 പോയിന്റ് നേട്ടത്തിൽ 23,442 ലും വ്യാപാരം തുടരുന്നു.

*

**************

************************************

RNU TVPM